Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

8.8.2016

All Kerala Press Release
*Ref: 544/KCBC/K-6/KPR/DS*

## കുടുംബങ്ങൾക്കുള്ള സഭയുടെ ശുശ്രൂഷകൾ കാരുണ്യത്തിന്റേതാകണം: കർദിനാൾ ക്ലീമിസ്

കൊച്ചി: കുടുംബങ്ങൾക്കുള്ള അജപാലനശുശ്രൂഷയിൽ വൈദികർ കൂടുതൽ കരുണയും ക്ഷമയുമുള്ളവരാകണമെന്ന് കെസിബിസി പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ പറഞ്ഞു. കേരളസഭയിലെ മെത്രാന്മാരുടെയും ദൈവശാസ്ത്രജ്ഞരുടെയും സമ്മേളനം സീറോ മലബാർ സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഭയുടെ ശുശ്രൂഷകൾ കൂടുതൽ കുടുംബകേന്ദ്രീകൃതമാകേണ്ടത്, കാലഘട്ടത്തിന്റെ ആവശ്യമാണ്. തകർച്ച നേരിടുന്ന കുടുംബങ്ങളുടെ എണ്ണം കൂടിവരികയാണ്. ഇത് സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങളെ ഗൗരവത്തോടെ കാണണമെന്നും അദ്ദേഹം പറഞ്ഞു. റവ. ഡോ. ജോയി അറക്കൽ, റവ. ഡോ. ഹോർമിസ് മൈനാട്ടി, ഡോ. മേരി റെജീന എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. കേരളസഭയ്ക്ക് ഒരു കുടുംബ അജപാലന മാർഗരേഖ തയ്യാറാക്കുന്നതിന് കെസിബിസി ഫാമിലി കമ്മീഷനെയും ദൈവശാസ്ത്രകമ്മീഷനെയും ചുമതലപ്പെടുത്തി.

കെസിബിസി സെക്രട്ടറി ജനറൽ റൈറ്റ് റവ. ഡോ. ജോസഫ് കരിയിൽ, തിയോളജി കമ്മീഷൻ ചെയർമാൻ ബിഷപ് എബ്രാഹം മാർ യൂലിയോസ്, സെക്രട്ടറി റവ. ഡോ. മത്തായി കടവിൽ എന്നിവർ പ്രസംഗിച്ചു.

കത്തോലിക്കാസഭയിലെ മെത്രാന്മാരും തിരഞ്ഞെടുക്കപ്പെട്ട ദൈവശാസ്ത്രപണ്ഡിതരും മേജർ സെമിനാരികളിലെ റെക്ടർമാരും ദൈവശാസ്ത്ര പ്രഫസർമാരും കെസിബിസിയുടെ വിവിധ കമ്മീഷൻ സെക്രട്ടറിമാരും മൈനർ സെമിനാരി റെക്ടർമാരും ഉൾപ്പെടെ 100-ഓളം പേർ ദൈവശാസ്ത്രസമ്മേളനത്തിൽ സംബന്ധിച്ചു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: കേരളസഭയിലെ മെത്രാന്മാരുടെയും ദൈവശാസ്ത്രജ്ഞരുടെയും സമ്മേളനം കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യുന്നു. റവ. ഡോ. ജോയി അറക്കൽ, ബിഷപ് ജോസഫ് കരിയിൽ, റവ. ഡോ. ഹോർമിസ് മൈനാട്ടി, ബിഷപ് എബ്രാഹം മാർ യൂലിയോസ്, ഡോ. മേരി റെജീന, ഫാ. വർഗീസ് വള്ളിക്കാട്ട്, റവ. ഡോ. മത്തായി കടവിൽ എന്നിവർ സമീപം

PRESIDENT
CARDINAL BASELIOS CLEEMIS

VICE-PRESIDENT
MAR JOSEPH PERUMTHOTTAM

SECRETARY GENERAL
BISHOP JOSEPH KARIYIL

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT